## വാഹന ഉപയോഗത്തിൽ നിയന്ത്രണം

2019 ജൂലൈ 1 മുതൽ വാഹനം ഉപയോഗിക്കുന്നതിന് കർശനമായ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് എല്ലാ ചീഫ് ജനറൽമാനേജർമാർക്കും ബി.എസ്.എൻ.എൽ. കോർപ്പറേറ്റ് ഓഫീസ് ഉത്തരവ് നൽകിയിരിക്കുന്നു. (BSNL CO.No.F.No.16--4/2018/CB(Part) dt.14-6-2019).

1. OLA/UBER സൗകര്യം നിലവിലുള്ള സ്ഥലങ്ങളിൽ 1-7-2019 മുതൽ OLA/UBER സൗകര്യം ഉപയോഗിക്കണം.
2. സർക്കിൾ/എസ്.എസ്.എ. മേധാവി (CGM/PGM/GM) ഒഴികെ മറ്റു ഉദ്യോഗസ്ഥർ OLA/UBER സംവിധാനം ഉപയോഗിക്കണം.
3. നിലവിൽ വാടകയ്ക്ക് ഓടിക്കുന്ന വാഹനങ്ങളുടെ ടെണ്ടർ നിയമാനുസൃതമായ നടപടികൾ പാലിച്ചുകൊണ്ട് നിർത്തലാക്കണം.
4. OLA/UBER സംവിധാനം ഇല്ലാത്ത സർക്കിളുകൾ/എസ്.എസ്.എ.കളിൽ നിലവിലെ വാഹനങ്ങൾ 50% കുറയ്ക്കണം.
5. ട്രാസ്മിഷൻ പോലുള്ള മേഖലകളിൽ ഏതെങ്കിലും പ്രത്യേക കാരണങ്ങളാൽ OLA/UBER സേവനം ഉപയോഗിക്കാൻ കഴിയാത്ത അവസരങ്ങളിൽ പ്രത്യേകാനുമതി വാങ്ങേണ്ടതാണ്.